# പള്ളിപ്രാവും പള്ളിമിനാരവും

• കെ.പി. സെൽവ

**കൂട്ടുകാരെ, ലൈലത്തുൽ ഖദ്റിനെയും ഇഅ്തികാഫിനെയുമൊക്കെ വിഷയമാക്കുന്ന ഈ ഭാവന ചിത്രം വായിച്ചോളൂ...**



മിനാരത്തിന്റെ കിളിവാതിൽ പടിയിൽ അടയിരിക്കുന്ന പ്രാവ് പള്ളിയുടെ ജനലിലൂടെ അകത്ത് കയറി മിമ്പറിലിരുന്നു. ശേഷം കുറുകിക്കുറുകി തിരിച്ചു വന്നു.

“അടയിരിക്കുകയല്ലേ നീ, എന്നിട്ടെന്താ പള്ളിപ്രാവേ ഇടക്കിടെ അകംപള്ളിയിലേക്കും ഇരുട്ടിയാൽ ദൂരസ്ഥലങ്ങളിലേക്കുമൊക്കെ എണീറ്റ് പോകുന്നത്”?

▸▸ ഇന്ത്യയിൽ കാണപ്പെടുന്ന ഏറ്റവും വലിയ പൂവ് – സാപ്രിയ



മിനാരം ചോദിച്ചു.

“നിനക്ക് കുറേ ഉയരമുണ്ടായിട്ടെന്ത് കാര്യം, ഇ വിടെ വരുന്നവരെ ശ്രദ്ധിക്കുന്നില്ലെങ്കിൽ”? പ്രാവ് കുറ്റപ്പെടുത്തി.

“ ഇഅ്തികാഫ്, തുടങ്ങിയില്ലേ, അവസാനപത്തിലെയും ലൈലത്തുൽ ഖദ്റിന്റെയും പുണ്യം തേടി വന്നവരാരൊക്കെ എന്നറിയേണ്ടേ?”

“ശരിയാണ്, അകം പള്ളിയുടെ കിഴക്കേ അറ്റത്തു നിന്നും ഉയരുന്ന തേങ്ങലുകൾ എന്നെ വല്ലാതെ അസ്വസ്ഥമാക്കുന്നു. ആരാണവിടെ ഇരുന്ന് പ്രാർത്ഥിക്കുന്നത്? എന്താണ് അദ്ദേഹത്തിന്റെ പ്രയാസം? ചിറകുകളുള്ള നീ പറഞ്ഞു തരുമോ?”

“കഴിഞ്ഞ നോമ്പിനും പെരുന്നാളിനുമൊക്കെ ഉൽസാഹിച്ച് നടന്നിരുന്ന ഒരു പയ്യനുണ്ടായിരുന്നില്ലേ... അവന്റെ ഉപ്പയാണത്. കഴിഞ്ഞ രാത്രിയിൽ ആദ്യം പോയത് അവന്റെ വീട്ടിലാണ്. കഠിനമായ രോഗം ബാധിച്ച് കിടപ്പിലാണവൻ. പൂർണ്ണ ഗർഭിണിയായ ഉമ്മയാണവനെ പരിചരിക്കുന്നത്. പുലരും വരെ സമാധാനമുള്ള വിധിനിർണയ രാവിന്റെ കാരുണ്യം നഷ്ടപ്പെടാതിരിക്കാൻ രാത്രികളിൽ ഒരുപോള കണ്ണടക്കാറില്ല ആ ഉമ്മയും ഉപ്പയും.”

മിനാരമൊന്ന് നിശ്വസിച്ചു. “ദീർഘനേരം ഈണത്തിൽ ഓതിയിരുന്ന ആ ഉമ്മൂമ്മയുണ്ടായിരുന്നല്ലോ, ആ ഓത്ത് ഇപ്രാവശ്യം കേട്ടതേയില്ല. നീ അന്വേഷിച്ചിരുന്നോ പള്ളിപ്രാവേ?”

“കേട്ടിരുന്നു, അവർക്കിനി പള്ളിയിൽ വരാൻ കഴിയില്ല. പകരം തന്റെ മുറി അവർ ഒരുക്കിയിട്ടുണ്ട്. വീട്ടിലെയും അയൽപ്പക്കത്തെയും സ്ത്രീകളേയും കൂട്ടി നിസ്കാരവും ഓത്തും ക്ലാസുമൊക്കെയായി ആയിരം രാവിനെക്കാൾ പുണ്യമുള്ള രാവിനെ കാത്തിരിക്കുകയാണവരും.” പള്ളിപ്രാവ് ചിറക് വിടർത്തിക്കുടഞ്ഞ് വീണ്ടും മുട്ടകൾക്ക് മീതെ പതിഞ്ഞിരുന്നു.”

“ആ വളവ് കഴിഞ്ഞ് ഇറക്കത്തിലുള്ള ചെറിയ വീട് നീ കാണുന്നില്ലേ മിനാരമേ? അവിടെയൊരു തയ്യൽക്കാരിയുണ്ട്. അവരെന്നെ അതിശയപ്പെടുത്തി. പണിത്തിരക്കിന്റെ കാലമാണവർക്ക്. തറാവീഹിനു ശേഷം രാവേറെ അവർ തയ്ക്കാനിരിക്കും. ഇപ്പം തന്റെ സ്മാർട്ട് ഫോണിൽ ഹെഡ്സെറ്റ് വെച്ച് മധുരമായി ഖുർആൻ കേൾക്കുകയും ഓതുകയും ചെയ്യുന്നു.”

“ഈ റമദാനിന്റെ പുണ്യം ഇവർക്കെല്ലാം നീ നൽകണേ നാഥാ...!” മിനാരം നിശ്ശബ്ദ

▸▸ **ലോകത്തിലെ ഏറ്റവും വലിയ സസ്യോദ്യാനം– റോയൽ ബോട്ടാണിക് ഗാർഡൻ (ഇംഗ്ലണ്ട്)**

മായി പ്രാർത്ഥിച്ചു.

''പക്ഷേ, മിനാരമേ, ഇഅ്തികാഫിരിക്കുന്ന അഞ്ചെട്ട് ചെറുപ്പക്കാരുണ്ട്, അവരുടെ കാര്യം എനിക്ക് മനസ്സിലാകുന്നില്ല. പകലും രാത്രിയും ഓത്തും നിസ്കാരവും, പ്രായം ചെന്നവരെ സഹായിക്കലുമൊക്കെയായി അവരിവിടെ ഉണ്ടല്ലോ. മഗ്‌രിബിന്റെയും സുബ്ഹിയുടെയും മുമ്പായി അവരെങ്ങോട്ടോ പോകുന്നുണ്ട്. ഈ പരിസരത്തൊന്നും അവരെ കാണുന്നുമില്ല?''

''പള്ളിപ്രാവേ, നീ കാണാത്ത പലതും എന്റെ ഉയരം എനിക്ക് കാണിച്ചു തരുന്നുണ്ട്. ആ ചെറുപ്പക്കാർ ഊർജസ്വലരാണ്. ഖിയാമുല്ലൈലും പ്രാർത്ഥനകളുമൊക്കെ കഴിഞ്ഞ് അവർ സ്വന്തം വീടുകളിലേക്ക് പോകും.

അത്താഴം കഴിച്ച് വീട്ടുകാർ തയ്യാറാക്കി വെച്ച പൊതിച്ചോറുമായി ദൂരെ ആശുപത്രി പരിസരങ്ങളിലും ബസ്റ്റാന്റിലുമൊക്കെ അത് വിതരണം ചെയ്യും. മഗ്‌രിബിനു മുമ്പായി ചെറിയ കിറ്റുകളിൽ കാരക്കയും പഴങ്ങളും കുപ്പികളിൽ വെള്ളവുമായി അവർ ഹൈവേകളിൽ പോകും. യാത്രക്കാർക്കത് നൽകും, യാത്രക്കാർക്കത് വലിയ ആശ്വാസമാണ്.''

''ഇഅ്തികാഫും, ലൈലത്തുൽ ഖദ്റും പരസഹായവും, റബ്ബേ എല്ലാവരും നിനക്കു വേണ്ടി പണിയെടുക്കുന്നു!'' പള്ളിപ്രാവ് പ്രാർത്ഥനയിൽ മുഴുകി.

''പെരുന്നാളൊരുക്കം കാണാൻ പോകുന്നില്ലേ പ്രാവേ?'' മിനാരത്തിന്റെ ചോദ്യം കേട്ട് പ്രാവ് തലയുയർത്തി.

''ഇല്ല, എന്റെ കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങാനായിട്ടുണ്ട്. ലൈലത്തുൽ ഖദ്റിന്റെ പുണ്യവും റമദാനിന്റെ സുകൃതവുമൊക്കെ ചിറകിനടിയിലേക്കൊതുക്കട്ടെ, പെരുന്നാൾ സന്തോഷങ്ങൾ പറഞ്ഞു തരാൻ നീയുണ്ടല്ലോ.''

''വീടുകളിലൊക്കെ മൈലാഞ്ചിയുടെയും പുതു വസ്ത്രങ്ങളുടെയും മണം. പള്ളിമുറ്റത്ത് കുട്ടികൾ തോരണങ്ങളും അലങ്കാര വിളക്കുകളും ഒരുക്കുകയാണ്. അങ്ങാടികൾ തയ്യാറായിക്കഴിഞ്ഞു. ചെറുപ്പക്കാർ ഫിത്വ്റ് സകാത്ത് വിതരണത്തിലാണ്. പെരുന്നാളിന് മുമ്പ് ചെയ്യാനുള്ള വലിയൊരു പുണ്യമാണല്ലോ ഫിത്വ്റ്. കുടുംബത്തിലെ എല്ലാവർക്കും ഫിത്വ്റ് സകാത്ത് നിർബന്ധമാണ്. നീ കേൾക്കുന്നില്ലേ പള്ളിപ്രാവേ..?''



## ഉയരമുള്ള വെള്ളച്ചാട്ടം

ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടമാണ് ജോഗ് വെള്ളച്ചാട്ടം. 253 മീറ്റർ നീളമുള്ള ഈ വെള്ളച്ചാട്ടം കർണാടകയിലെ ശരാവതി നദിയിലാണ്. ഇതിന് ഗെർസോപ്പ വെള്ളച്ചാട്ടം എന്നും പേരുണ്ട്.

▸▸ ഏറ്റവും ചെറിയ മരം – കുള്ളൻ വില്ലോ മരം (സാലിക്സ്)